**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** | **03-08-2021 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ധനസഹായം നൽകുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2016-2021 കാലയളവിൽ സംസ്ഥാനത്ത് 218 ഇക്കോഷോപ്പുകൾ 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ . എ. ആർ . എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കി വരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും. |
| (ബി) | പൂർണമായും ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് നഷ്ടം നേരിടുന്ന പക്ഷം ആയത് ലഘൂകരിക്കുന്നതിന് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ; | (ബി) | ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് നഷ്ടം സംഭവിക്കാതെ ഇരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ |

ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) യും നടപ്പിലാക്കുന്നു. സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) യിൽ ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 50 ഏക്കർ വീതമുള്ള 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12380 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപനം നടത്തുന്നു. ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 7.06740 ലക്ഷം രൂപയും രണ്ടാം വർഷം 4.98670 ലക്ഷം രൂപയും മൂന്നാം വർഷം 2.89590 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 14.95 ലക്ഷം രൂപ ടി പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. ഇത്തരം കൃഷിയിലൂടെ ഉൽപ്പാദനത്തിന് ഗണ്യമായ കുറവ് ഉള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടില്ല. കൂടാതെ ഇത്തരം പി.ജി.എസ് സർട്ടിഫൈഡ് ഉൽപന്നങ്ങൾക്ക് പ്രീമിയം വിലയും ഉറപ്പാക്കുന്നു. കൂടാതെ ടി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി pgsindia-ncof.gov.in എന്ന വെബ് പോർട്ടലിൽ കർഷകരെ രജിസ്റ്റർ ചെയ്ത് കർഷകർക്ക് ആദ്യ ഘട്ടത്തിൽ തന്നെ പിജിഎസ് ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും (ജൈവ കൃഷി ആരംഭിച്ച കർഷകർ എന്ന് ഈ സർട്ടിഫിക്കറ്റ് സൂചിപ്പിക്കുന്നു) പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് പിജിഎസ് ഇന്ത്യ ഓർഗാനിക് എന്നീ സർട്ടിഫിക്കറ്റുകൾ നൽകുന്നു. പി.ജി.എസ് സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് രജിസ്ട്രേഷൻ ആണെങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. കൂടാതെ വിശ്വസ്തത ഉറപ്പാക്കി വിപണി മൂല്യം വർദ്ധിപ്പിച്ചും ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കർഷകർക്ക് ഇന്ത്യ മുഴുവൻ ജൈവ അംഗീകാരത്തോടെ ജൈവ ഉല്പന്നങ്ങൾ വിൽക്കുവാനുള്ള അംഗീകാരം

| | | | |
|---|---|---|---|
| | | | ലഭിക്കുകയും, പിജിഎസ് ഇന്ത്യ ഗ്രീൻ, പിജിഎസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് സർക്കാർ ഒരുക്കിയ ജൈവ ഓൺലൈൻ വിപണിയിൽ (www.jaivikheti.in) ഉല്പന്നങ്ങൾ വിൽക്കുവാൻ സാധിക്കും. |
| (സി) | ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി മാലിന്യത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന ജൈവ വളം കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ അംഗമാകുന്ന ക്ലസ്റ്ററിലെ കൃഷിയിട മാലിന്യത്തിൽ നിന്നും കർഷകർക്ക് ജൈവ വളം ഉല്പാദിപ്പിക്കുന്നതിനായി ഒരു മണ്ണിര കംമ്പോസ്റ്റ് യൂണിറ്റിന് 5000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) വഴി ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ കൂട്ടായ്മയായ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ടി ക്ലസ്റ്ററിലെ അംഗങ്ങൾക്ക് സൗജന്യമായും ആ പഞ്ചായത്തിന് ആവശ്യമായി വരുന്ന ജൈവ ഉത്പാദനോപാധികൾ ഉത്പാദിപ്പിച്ച് പ്രാദേശികമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ബ്ലോക്ക് തലത്തിൽ സ്വീകരിച്ച് വരുന്നു. ഇതിനായി 1680 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ